## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2939** **22.6.2012-ൽ മറുപടിക്ക്**

**അങ്കമാലിയിലെ മാലിന്യ പ്രശ്നം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ.മഞ്ഞളാംകുഴി അലി (മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) അങ്കമാലി മുൻസിപ്പാലിറ്റിയിലും പരിസരപ്രദേശങ്ങളിലും വർദ്ധിച്ചുവരുന്ന മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) എങ്കിൽ അവ എന്തെല്ലാമെന്ന് വിശദമാക്കാമോ ;<br><br>സി) ഹോട്ടലുകളിൽ നിന്ന് മാലിന്യം പൊതുനിരത്തുകളിൽ നിക്ഷേപിക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ? | ബി) & സി) നഗരപ്രദേശത്ത് പലയിടങ്ങളിലായി കൂടിക്കിടന്നിരുന്ന മാലിന്യങ്ങൾശേഖരിച്ച് പരാതിക്കിടയില്ലാത്ത വിധം സംസ്ക്കരിച്ചു. മാലിന്യം നിക്ഷേപിക്കുന്നത് ശിക്ഷാർഹമാണെന്ന് കാണിച്ച് പത്രദൃശ്യമാധ്യമങ്ങളിലുൾപ്പെടെ വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തി<br>മേൽപ്പറഞ്ഞ വസ്തുത കാണിച്ച് നഗരപ്രദേശത്തെ മുഴുവൻ കച്ചവട കച്ചവടേതര സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി.പൊതുജനങ്ങളുടെ നല്ല പങ്കാളിത്തത്തോടെ വാർഡ് സഭകൾ വിളിച്ച് ചേർത്ത് ബോധവൽക്കരണ ക്ലാസ്സുകൾ നൽകി.<br>മെർച്ചന്റ്സ് അസോസിയേഷൻ, ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ, റസിഡന്റ്സ് അസോസിയേഷൻ എന്നിവയുടെ ഭാരവാഹികളുടെ യോഗങ്ങളും ഓരോ വിഭാഗത്തിനും പ്രത്യേക യോഗങ്ങളും വിളിച്ച് മാലിന്യം ഉറവിടത്തിൽ തന്നെ വേർതിരിച്ച് ശേഖരിച്ച് സ്വന്തം ഉത്തരവാദിത്വത്തിൽ |

പരാതിയ്ക്കിടയില്ലാത്ത വിധം
സംസ്ക്കരിക്കുന്നതിന് നിർദ്ദേശം
നൽകി.
പ്ലാസ്റ്റിക്ക് കമ്പനികൾ അങ്കമാലി
അന്ത്യോദയ എന്ന സംഘടന
എന്നിവർ പ്ലാസ്റ്റിക്ക് ശേഖരിച്ച്
സംസ്ക്കരിക്കുന്നതിന് തയ്യാറാണ്
എന്ന് അറിയച്ചതിന്റെ
അടിസ്ഥാനത്തിൽ വ്യാപാര
സംഘടനകളും റസിഡന്റ്സ്
അസോസിയേഷനുമായി ഈ
വിഷയം ചർച്ച ചെയ്യുകയും
ടിയാളുകളുടെ സഹകരണത്തോടെ
പ്ലാസ്റ്റിക്ക് ശേഖരിച്ച്
സംസ്ക്കരിക്കുന്നതിന് അന്ത്യോദയ
തയ്യാറാകുകയും ടി പ്രവർത്തനങ്ങൾ
ഇപ്പോൾ നടന്നു വരുകയും
ചെയ്യുന്നു.

സർക്കാരിന്റെ ഉറവിടമാലിന്യ.
സംസ്ക്കരണ സംവിധാനം
സബ്സിഡി നിരക്കിൽ
നടപ്പിലാക്കുന്നതിന് സർക്കാർ
ധനസഹായം 17 ലക്ഷം രൂപ
നഗരസഭക്ക് അനുവദിക്കുകയും,
ആയത് പ്രകാരം 1/2എം3 കപ്പാസിറ്റി
ഉളള 300 ബയോഗ്യാസ് പ്ലാന്റുകളും,
1170 പൈപ്പ് കമ്പോസ്റ്റിംഗ്
സംവിധാനവും വാർഡ് തലത്തിൽ
ഗുണഭോക്താക്കൾക്ക് നൽകുന്നതിന്
നടപടി സ്വീകരിച്ചു.
നഗരസഭ പൊതുവായ ഖരമാലിന്യ
സംസ്ക്കരണ പ്രോജക്ട്
തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി
മതിയായ സ്ഥലം കണ്ടെത്താനുളള
ശ്രമങ്ങൾ നഗരസഭ നടത്തി
വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ